ॐ



**നി: സംഗോ മാം ഭജേദ്വിദ്വാനപ്രമത്തോ ജിതേന്ദ്രിയ:**
**രജസ്തമശ്ചാഭിജയേത് സത്ത്വസംസേവയാ മുനി: (11–25–34)**
**സത്ത്വം ചാഭിജയേദ്യുക്തോ നൈരപേക്ഷ്യേണ ശാന്തധീ:**
**സംപദ്യതേ ഗുണൈർമുക്തോ ജീവോ ജീവം വിഹായമാം (11–25–35)**
**ജീവോ ജീവവിനിർമുക്തോ ഗുണൈശ്ചാശയസംഭവൈ:**
**മയൈവ ബ്രഹ്മണാ പൂർണ്ണോ ന ബഹിർന്നാന്തരശ്ചരേത് (11–25–36)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ഉദ്ധവരേ, ഇനിഞാൻ ത്രിഗുണങ്ങൾ മനുഷ്യനെ എങ്ങിനെ സ്വാധീനിക്കുന്നു എന്നു പറഞ്ഞു തരാം. ഓരോ ഗുണങ്ങളും വ്യതിരിക്തമായ ഓരോ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. അവ ഓരോ സ്വഭാവങ്ങളായി അവതരിക്കുന്നു. സത്വഗുണം, ആത്മസംയമനം, സഹനശക്തി, വിരക്തി, സത്യസന്ധത, വിശ്വാസം, വിനയം, ദയവ്, അവബോധം, സംതൃപ്തി, സന്യാസം, നിർമമത, ആത്മാരമ്യത എന്നിവയിലൂടെ അവ പ്രകടമാവുന്നു. കാമം, സ്വാർത്ഥപരമായ കർമ്മങ്ങൾ, ധിക്കാരവും മർക്കടമുഷ്ടിയും, ആർത്തി, ദംഭ്, ആഗ്രഹം, ബുദ്ധിപരമല്ലാത്ത വിവേചനം, സുഖാന്വേഷണം, സാഹസികത, അത്യുൽസാഹം, പ്രശസ്തി തേടൽ, അലംഭാവം, ഒതുക്കമില്ലാത്ത പൊട്ടിച്ചിരി, ഊർജ്ജം, ശക്തി, പരിശ്രമം എന്നിവയാണ് രജോഗുണപ്രകടനങ്ങൾ. ദേഷ്യം, അത്യാഗ്രഹം, തിൻമ, ക്രൂരത, യാചന, കപടത, ആലസ്യം, യോജിപ്പില്ലായ്മ, ദു:ഖം, വ്യാമോഹം, മയക്കം, പ്രതീക്ഷ, ഉറക്കംതൂങ്ങൽ, ആഗ്രഹം, ഭയം, മടി ഇവയെല്ലാം തമോഗുണജന്യമത്രെ. ഗുണങ്ങൾ മിക്കവാറും പലേ അളവുകളിൽ പരസ്പരം കൂട്ടിച്ചേർന്ന് പ്രകടിതമാവുന്നു. അതുകൊണ്ട് മനുഷ്യൻെറ സ്വഭാവങ്ങളും അപ്രകാരം മേൽപ്പറഞ്ഞ പ്രകടിതഗുണങ്ങളുടെ ഒരു മിശ്രിതരൂപമാർജ്ജിച്ചിരിക്കുന്നു. ഒരുവൻ ധാർമ്മീകാചാരങ്ങളോട് അതീവഭക്തിയുള്ളവനാണെങ്കിലും സ്വാർത്ഥപരമായ ആഗ്രഹസാദ്ധ്യത്തിനാവാം അപ്രകാരം ആചരിക്കുന്നത്. രണ്ടുതരം ഗുണങ്ങൾ കൂടിക്കലർന്ന പ്രകടിതഭാവം വ്യക്തമാക്കാൻ ഈ ഉദാഹരണം മതിയല്ലോ.

ഇഹലോകത്തിലെ വസ്തുക്കളെല്ലാം - സ്ഥലങ്ങൾ, പഴവർഗ്ഗങ്ങൾ, സമയം, അറിവ്, കർമ്മം, കർമ്മി, വിശ്വാസം, ബോധതലങ്ങൾ, ജനനം, വിധി - സാത്വീകമെന്നും, രാജസീകമെന്നും താമസീകമെന്നും തരം തിരിക്കപ്പെട്ടിരിക്കുന്നു. ഈ ഗുണങ്ങളെല്ലാം എപ്പോഴും ചുറ്റിത്തിരിഞ്ഞ് ഒന്നു മറ്റൊന്നിനെ വെന്നു നിലകൊള്ളുന്നു. അങ്ങിനെ ചിലപ്പോൾ ഒരു ഗുണം പ്രധാനമായി കാണപ്പെടുന്നു. മറ്റുഗുണങ്ങൾ തുലോം ഒതുങ്ങിയതായും അനുഭവപ്പെടുന്നു. പൊതുവേ പറഞ്ഞാൽ സാത്വീകഗുണം ആത്മാവിനെ എൻെറയടുത്തേക്കുയർത്താൻ പര്യാപ്തമത്രെ. ഇഹലോകത്തോ സ്വർഗ്ഗത്തോ ലഭിക്കാവുന്ന പ്രതിഫലത്തെപ്പറ്റി സ്വാർത്ഥചിന്തയേതുമില്ലാത്ത പരമഭക്തികൊണ്ട് ഇതു സാദ്ധ്യമാണ്. രജോഗുണം മനുഷ്യനെ സദാ ശാന്തരഹിതനാക്കി നിലനിർത്തി സുഖാന്വേഷണത്വരിതനും മനുഷ്യതലത്തിൽ ലാഭേച്ഛുവുമാക്കി തീർക്കുന്നു. തമോഗുണമാകട്ടെ ഒരുവനെ താഴ്ന്നതലങ്ങളിലേക്ക് - നിലനിൽപ്പിൻെറയും, ബോധതലങ്ങളുടെയും, സ്വഭാവത്തിൻെറയും, പെരുമാറ്റത്തിൻെറയും - നയിക്കുന്നു. ഒരുവൻെറ ഭാവിജൻമം സ്വാഭാവികമായും ഒരുവൻെറ മരണസമയത്തെ ഗുണാവസ്ഥയനുസരിച്ചിരിക്കുന്നു.

ത്രിഗുണങ്ങളുടെ പ്രവർത്തനങ്ങളെ ഒരുവൻ സശ്രദ്ധം പഠിക്കേണ്ടതും എല്ലാ കാര്യത്തിലും രജോഗുണത്തിനും തമോഗുണത്തിനുമുപരിയായി സത്വഗുണത്തെ വരിക്കേണ്ടതുമാണ്. അതുകഴിഞ്ഞ് സത്വഗുണത്തെ സത്വംകൊണ്ട് തന്നെ വിജയിക്കണം. അങ്ങിനെ സൂക്ഷ്മശരീരത്തിൽ നിന്നും സ്വയം വിടുവിച്ച് എന്നിലെത്തിച്ചേരുക. കാരണം, സത്വഗുണമായിരിക്കരുത് ജീവതലക്ഷ്യം. ഒരുവൻ തൻെറ നിത്യജീവിതവും കർമ്മങ്ങളും എല്ലാം എനിക്കായി സമർപ്പിച്ച് എനിക്കുവേണ്ടി ജിവിക്കുന്നുവെങ്കിൽ അയാൾ ത്രിഗുണങ്ങളുടെ സ്വാധീനവലയത്തിൽപ്പെടുകയില്ല. അങ്ങിനെ ജീവസങ്കൽപ്പത്തിനും ഗുണസങ്കൽപ്പത്തിനും അതീതനായിരിക്കുന്ന ഒരുവൻ എന്നിൽനിന്ന് അകലത്തേക്കോ പുറത്തേക്കോ പോകുന്നില്ല. സദാ എന്നിൽത്തന്നെ അയാൾ ജീവിക്കുന്നു.